# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :24/12/2019

## അമ്മയെയും മകളെയും ജീവിതത്തിലേക്ക് മടക്കിയെത്തിച്ച് പിങ്ക് പോലീസ്

**കൊല്ലം** : വിദേശത്തുള്ള ഭർത്താവ് വിളിക്കാത്തതിൽ ജീവനൊടുക്കാൻ ഉറച്ചിരുന്ന യുവതിയും ഏഴ് വയസ്സുള്ള മകളെയും ജീവിതത്തിലേക്ക് മടക്കിയെത്തിച്ച് പിങ്ക് പോലീസ്. വെള്ളവും ആഹാരവും നൽകാതെ മൂന്നു ദിവസം വീടടച്ചു കിടപ്പായിരുന്നു. പുറത്തു ആരെയും കാണാത്തതിനാൽ അയൽക്കാർ ആദ്യ ദിനം തന്നെ വാതിലിൽ മുട്ടി വിളിച്ചി



രുന്നു എന്നാൽ വാതിൽ തുറക്കാൻ തയ്യാറായിരുന്നില്ല. അടുത്ത ദിവസവും ആവർത്തിച്ചതിനാൽ പിങ്ക് പോലീസിനെ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് പിങ്ക് പോലീസ് എത്തുകയും വാതിൽ തല്ലിപൊളിക്കുംമെന്ന് ഉറപ്പായതോടെ വാതിൽ തുറന്നു. പോലീസ് ഉദ്യോഗസ്ഥർ ഉടനെ തന്നെ ഭക്ഷണം എത്തിച്ചു നൽകി. ആത്മഹത്യ ചെയ്യാനുള്ള മാനസികനില ഏറെ നേരത്തെ സംസാരത്തിനു ശേഷം മാറ്റിയെടുത്ത് യുവതിയെ പള്ളിതോട്ടതിലുള്ള അച്ഛനെയും അമ്മയെയും വിളിച്ചുവരുത്തി ഒപ്പം വിട്ടയച്ചു. സ്പോൺസർ വഴി ഭർത്താവിനെ ബന്ധപ്പെട്ട് വേഗത്തിൽ ഭാര്യ വിളിച്ചു ആശ്വസിപ്പിക്കാനും നിർദ്ദേശം നൽകി. പിങ്ക് പോലീസ് എസ്.ഐ ഡി.സുമ, സിപിഒമാരായ പി.സിന്ധു, കെ.സിന്ധു എന്നിവരുടെ നേതൃത്വത്തിലാണ് യുവതിയേയും മകളെയും ജീവിതത്തിലേക്ക് മടക്കിയെത്തിച്ചത്.